പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2733

14/12/2015-ലെ മറുപടിയ്ക്ക്

## തൊഴിൽ രഹിത വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2015 ആഗസ്റ്റ് മാസം വരെയുള്ള കണക്ക് പ്രകാരം പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ആകെ എണ്ണം 36,76,490 ആണ്. |
| ബി) നിലവിൽ ഒരാൾക്ക് നൽകുന്ന പ്രതിമാസ തൊഴിൽരഹിതവേതനം എത്രയാണെന്ന് അറിയിക്കുമോ; | ബി) | നിലവിൽ ഒരാൾക്ക് പ്രതിമാസം 120/- (നൂറ്റി ഇരുപത് രൂപ മാത്രം) രൂപയാണ് തൊഴിൽരഹിതവേതനമായി അനുവദിക്കുന്നത്. |
| സി) നിലവിൽ എത്ര മാസത്തെ തൊഴിൽരഹിതവേതനം കുടിശ്ശിക യുണ്ടെന്നു വ്യക്തമാക്കുമോ; | സി) | നിലവിൽ 07/2015 മുതൽ 11/2015 വരെയുള്ള 5 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ട്. |
| ഡി) കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടി വരുമെന്നാണു കണക്കാക്കുന്നത്; വ്യക്തമാക്കുമോ; | ഡി) | ജൂലൈ 2015 മുതൽ നവംബർ 2015 വരെയുള്ള അഞ്ചുമാസക്കാലത്തെ കുടിശ്ശിക വേതനം വിതരണം നടത്തുന്നതിന് 13,17,94,200/- രൂപ (പതിമൂന്ന് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) വേണ്ടിവരും. |
| ഇ) തൊഴിൽരഹിത വേതനം ഗുണ ഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടി ലേക്കു നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയി-ലുണ്ടോയെന്നു വ്യക്തമാക്കുമോ? | ഇ) | ഇത്തരത്തിലുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ